# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 559 02/12/2014- ലെ മറുപടിക്ക്

**നികുതിയിളവ്**

| ചോദ്യം<br>ശ്രീ. കെ.കെ.നാരായണൻ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെല്ലാം നികുതി വിഭാഗത്തിലാണ് ഇളവ് നൽകിയത് എന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എക്സൈസ് നികുതി വിഭാഗത്തിൽ ഇളവുകളൊന്നും തന്നെ നൽകിയിട്ടില്ല. രജിസ്ട്രേഷൻ വകുപ്പിൽ നിന്നും നൽകിയ നികുതിയിളവുകൾ സംബന്ധിച്ച വിവരം അനുബന്ധം 1-ആയി ചേർക്കുന്നു. വാണിജ്യ നികുതി വകുപ്പുമായി ബന്ധപ്പെട്ട വിവരം അനുബന്ധം 2-ആയി വയ്ക്കുന്നു.മറ്റ് വകുപ്പുകളിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) | ഓരോ വിഭാഗത്തിനും നികുതിയിളവ് നൽകുന്നതിന് എന്താണ് കാരണങ്ങൾ എന്ന് ഇനം തിരിച്ചു വിശദമാക്കാമോ; | (ബി) | ഭൂരിഭാഗം നികുതിയിളവുകളും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലൂടെയാണ് നൽകുന്നത്. |
| (സി) | ചില നികുതി ഇളവ് നൽകിയതിലും സാമ്പത്തിക ക്രമക്കേട് നടന്നതായിട്ടുള്ള ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) & (ഡി) | കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത ഒരു കേസിൽ ചില ആയുർവ്വേദ ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് മുൻകാല പ്രാബല്യത്തോടെ കുറച്ചു കൊടുത്തതുമായി ബന്ധപ്പെട്ട് ഒരു ആരോപണം ഉന്നയിച്ചിരുന്നു. പ്രസ്തുത ആരോപണം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് പരിശോധിച്ചതിന് ശേഷം തള്ളുകയാണ് ഉണ്ടായത്. |
| (ഡി) | ഉണ്ടെങ്കിൽ ഓരോന്നിലും എന്ത് നപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിദമാക്കോമോ? | | |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

...ബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

അനു... ലഭ്യമാണ്